**മധുരമായ കുട്ടികളേ, നിങ്ങൾക്ക് സമ്പൂർണ്ണ പാവനമാകണം അതുകൊണ്ട് ഒരിക്കലും ആർക്കും ദുഃഖം കൊടുക്കരുത്, കർമ്മേന്ദ്രിയങ്ങളിലൂടെ യാതൊരു വികർമ്മവും ചെയ്യരുത്, സദാ ബാബയുടെ ആജ്ഞയനുസരിച്ച് നടന്നുകൊണ്ടിരിക്കൂ.**

**ചോദ്യം:** കല്ലിൽ നിന്നും പവിഴമാകുവാനുള്ള യുക്തി എന്താണ്? ഏതൊരു രോഗമാണ് ഇതിന് വിഘ്നമായി മാറുന്നത്?

**ഉത്തരം:** കല്ലിൽ നിന്നും പവിഴമാകുന്നതിനു വേണ്ടി പൂർണ്ണമായും നാരായണീ ലഹരിയുണ്ടായിരിക്കണം. ദേഹാഭിമാനം ഇല്ലാതാകണം. ഈ ദേഹാഭിമാനം തന്നെയാണ് വളരെ കടുത്ത രോഗം. ദേഹീ-അഭിമാനിയാകുന്നത് വരെ പവിഴമാകുവാൻ സാധിക്കില്ല. പവിഴമാകുന്നവർക്ക് തന്നെയാണ് ബാബയുടെ സഹായിയാകുവാൻ സാധിക്കുന്നത്. (2) സേവനവും നിങ്ങളുടെ ബുദ്ധിയെ സ്വർണ്ണമാക്കി മാറ്റും. അതുകൊണ്ട് പഠിത്തത്തിൽ പൂർണ്ണമായും ശ്രദ്ധിക്കണം.

**ഓംശാന്തി.** ആത്മീയ കുട്ടികളെ പ്രതി ആത്മീയ പിതാവ് താക്കീത് നൽകുന്നു, സ്വയം സംഗമയുഗിയാണെന്നു മനസ്സിലാക്കൂ. സത്യയുഗിയാണെന്ന് കരുതരുത്. നിങ്ങൾ ബ്രാഹ്മണർക്ക് മാത്രമേ സ്വയം സംഗമയുഗിയെന്ന് മനസ്സിലാക്കുവാൻ സാധിക്കൂ. മറ്റുള്ളവരെല്ലാം സ്വയം കലിയുഗത്തിലാണെന്ന് അറിയുന്നു. സത്യയുഗവും കലിയുഗവും, നരകവാസിയും സ്വർഗ്ഗവാസിയും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. നിങ്ങൾ സ്വർഗ്ഗവാസിയുമല്ല നരകവാസിയുമല്ല. നിങ്ങൾ പുരുഷോത്തമ സംഗമവാസികളാണ്. ഈ സംഗമയുഗത്തെ നിങ്ങൾ ബ്രാഹ്മണർ മാത്രമാണ് അറിയുന്നത് മറ്റാരും അറിയുന്നില്ല. നിങ്ങൾ അറിയുന്നുണ്ടെങ്കിലും മറന്ന് പോകുന്നു. ഇപ്പോൾ മനുഷ്യർക്ക് എങ്ങനെ മനസ്സിലാക്കിക്കൊടുക്കും. അവർ രാവണന്റെ ചങ്ങലകളിൽ കുടുങ്ങിക്കിടക്കുകയാണ്. രാമരാജ്യമല്ലല്ലോ. രാവണനെ കത്തിച്ചുകൊണ്ടിരിക്കുന്നു, ഇതിലൂടെ തെളിയുന്നത് ഇപ്പോൾ രാവണരാജ്യമാണ് എന്നതാണ്. രാമരാജ്യം എന്താണ് രാവണരാജ്യം എന്താണ്, ഇതും നിങ്ങൾ സംഖ്യാക്രമമനുസരിച്ച് മനസ്സിലാക്കുന്നുണ്ട്. ബാബ വരുന്നത് സംഗമയുഗത്തിലാണ്, സത്യയുഗത്തിന്റേയും കലിയുഗത്തിന്റേയും വ്യത്യാസം മനസ്സിലാകുന്നതും ഇപ്പോഴാണ്. കലിയുഗത്തിൽ വസിക്കുന്നവരെ നരകവാസിയെന്നും സത്യയുഗത്തിൽ വസിക്കുന്നവരെ സ്വർഗ്ഗവാസിയെന്നും പറയുന്നു. സ്വർഗ്ഗവാസികളെ പാവനമെന്നും നരകവാസികളെ പതീതമെന്നും പറയുന്നു. നിങ്ങളുടെ കാര്യം വിചിത്രമാണ്. നിങ്ങൾ ഈ പുരുഷോത്തമ സംഗമയുഗത്തെ അറിയുന്നുണ്ട്. നമ്മൾ ബ്രാഹ്മണരാണ് എന്ന് നിങ്ങൾക്കറിയാം. വർണ്ണങ്ങളുടെ ചിത്രം വളരെ നല്ലതാണ്. ഇത് ഉപയോഗിച്ച് നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ സാധിക്കും. മനുഷ്യർ സ്വയം നരകവാസിയും കളങ്കിതരും പതീതവുമാണെന്ന് മനസ്സിലാക്കുന്ന തരത്തിൽ വ്യത്യാസം പറഞ്ഞ് കൊടുക്കണം. ഇത് പഴയ കലിയുഗമാണ് എന്ന് എഴുതണം. സത്യയുഗം സ്വർഗ്ഗമാണ് പുതിയ ലോകമാണ്. നിങ്ങൾ നരകവാസികളാണോ സ്വർഗ്ഗവാസികളാണോ? നിങ്ങൾ ദേവതയാണോ അതോ അസുരനാണോ? നമ്മൾ സ്വർഗ്ഗവാസിയാണ് എന്ന് ആരും പറയില്ല നമ്മൾ സ്വർഗ്ഗത്തിൽ തന്നെയാണിരിക്കുന്നത് എന്നാണ് ചിലർ വിചാരിക്കുന്നത്. എന്നാൽ ഇത് നരകമല്ലേ. സത്യയുഗം എവിടെയാണ്. ഇത് രാവണരാജ്യമാണ്, അതുകൊണ്ടാണ് രാവണനെ കത്തിക്കുന്നത്. അവരുടെ അടുത്തും എത്രമാത്രം ഉത്തരങ്ങളാണുള്ളത്. സർവ്വവ്യാപിയാണ് എന്നതിലും ധാരാളം തർക്കിക്കുന്നു. ഇപ്പോൾ പുതിയ ലോകമാണോ അതോ പഴയ ലോകമാണോ എന്ന് നിങ്ങൾ കുട്ടികൾ വ്യക്തമായി ചോദിക്കണം. അത്രയും വ്യക്തമായി മനസ്സിലാക്കിക്കൊടുക്കണം, ഇതിൽ വളരെയധികം ബുദ്ധി ആവശ്യമാണ്. ഞാൻ നരകവാസിയാണോ അതോ സ്വർഗ്ഗവാസിയാണോ? ഇത് പഴയ ലോകമാണോ അതോ പുതിയ ലോകമാണോ? ഇത് രാമരാജ്യമാണോ അതോ രാവണരാജ്യമാണോ ? നമ്മൾ പഴയ കലിയുഗീ ലോകത്തിൽ വസിക്കുന്നവരാണോ അതോ പുതിയ ലോകത്തിൽ വസിക്കുന്നവരാണോ? എന്ന് മനുഷ്യൻ സ്വയം തന്നോട് തന്നെ ചോദിക്കുന്ന തരത്തിൽ യുക്തിയോടുകൂടി എഴുതണം. ഹിന്ദിയിൽ എഴുതിയിട്ട് പിന്നെ ഇംഗ്ലീഷിലേയ്ക്കും ഗുജറാത്തിയിലേയ്ക്കും തർജ്ജമ ചെയ്യണം. അങ്ങനെയാകുമ്പോൾ മനുഷ്യർ തന്നോട് തന്നെ ചോദിക്കും നമ്മൾ എവിടെ വസിക്കുന്നവരാണെന്ന്. ആരെങ്കിലും ശരീരം ഉപേക്ഷിച്ചാൽ സ്വർഗ്ഗത്തിൽ പോയി എന്ന് പറയാറുണ്ട്, എന്നാൽ സ്വർഗ്ഗം ഇപ്പോൾ എവിടെയാണ്? ഇപ്പോൾ കലിയുഗമാണ്. പുനർജന്മവും തീർച്ചയായും ഇവിടെ തന്നെയല്ലേ എടുക്കുന്നത്. സ്വർഗ്ഗം എന്ന് സത്യയുഗത്തിനെയാണ് പറയുന്നത്, ഇപ്പോൾ അവിടേയ്ക്ക് എങ്ങനെ പോകും. ഇതെല്ലാം വിചാര സാഗര മഥനം ചെയ്യേണ്ട കാര്യങ്ങളാണ്. വ്യത്യാസം അത്രയും വ്യക്തമായിരിക്കണം, അതിൽ എഴുതൂ, ഭഗവാനുവാച - ഓരോരുത്തരും തന്നോട് ചോദിക്കൂ, ഞാൻ സത്യയുഗമാകുന്ന രാമരാജ്യത്തിലാണോ അതോ കലിയുഗമാകുന്ന

രാവണരാജ്യത്തിലാണോ വസിക്കുന്നത്? നിങ്ങൾ ബ്രാഹ്മണർ സംഗമയുഗത്തിൽ വസിക്കുന്നവരാണ്,നിങ്ങളെ ആരും അറിയുന്നില്ല. നിങ്ങൾ സർവ്വതിൽ നിന്നും വേറിട്ടിരിക്കുകയാണ്. നിങ്ങൾ സത്യയുഗത്തേയും കലിയുഗത്തേയും യഥാർത്ഥമായി അറിയുന്നുണ്ട്. നിങ്ങൾക്ക് മാത്രമേ ചോദിക്കുവാൻ സാധിക്കൂ നിങ്ങൾ വികാരികളായ ഭ്രഷ്ടാചാരികളാണോ നിർവ്വികാരിയായ ശ്രേഷ്ഠാചാരിയാണോ? ഇങ്ങനെയുള്ള ഒരു പുസ്തകവും ഉണ്ടാക്കുവാൻ സാധിക്കും. പുതിയ പുതിയ കാര്യങ്ങൾ എഴുതുന്നതിലൂടെ, ഈശ്വരൻ സർവ്വവ്യാപിയല്ല എന്നത് മനുഷ്യർ മനസ്സിലാക്കും. നിങ്ങളുടെ ഈ പുസ്തകം വായിക്കുമ്പോൾ അവർ സ്വയം തന്റെയുള്ളിൽ ചോദിക്കും. സർവ്വരും ഇതിനെ കലിയുഗം എന്ന് പറയുന്നുണ്ട്. സത്യയുഗീ ദൈവീക രാജ്യം എന്ന് ഇതിനെ ആർക്കും വിളിക്കുവാൻ സാധിക്കില്ല. ഇത് നരകമാണോ അതോ സ്വർഗ്ഗമാണോ. ഫസ്റ്റ്-ക്ലാസായിട്ടുള്ള വാക്യങ്ങൾ എഴുതൂ, മനുഷ്യർ സ്വയം തന്നെ മനസ്സിലാക്കണം നമ്മൾ സത്യത്തിൽ നരകവാസികളും പതീതവുമാണെന്ന്. നമ്മളിൽ ദൈവീക ഗുണം ഇല്ല. കലിയുഗത്തിൽ സത്യയുഗം ഉണ്ടാവുകയില്ല. വിചാര സാഗര മഥനം ചെയ്ത് എഴുതണം. ആരാണോ ചെയ്യുന്നത് അവരാണ് അർജ്ജുനൻ .......ഗീതയിൽ അർജ്ജുനന്റെ പേര് കാണിച്ചിരിക്കുന്നു.

ബാബ പറയുന്നു ഈ ഗീത ആട്ടയിൽ ഉപ്പുള്ളത് പോലെയാണ്. ഉപ്പും പഞ്ചസാരയും തമ്മിൽ എത്രമാത്രം വ്യത്യാസമുണ്ട്.........ഒന്ന് മധുരവും മറ്റേത് കയ്പ്പും. കൃഷ്ണ ഭഗവാനുവാച എന്ന് എഴുതി ഗീതയെ കയ്പ്പുള്ളതാക്കിയിരിക്കുന്നു. മനുഷ്യർ ചെളിക്കുണ്ടിൽ പെട്ടതിനുസമാനമാണ്. പാവങ്ങൾക്ക് ജ്ഞാനത്തിന്റെ രഹസ്യവും അറിയില്ല, ജ്ഞാനം ഭഗവാൻ നിങ്ങളെത്തന്നെയാണ് കേൾപ്പിക്കുന്നത് ഇത് മറ്റാർക്കും അറിയില്ല. ജ്ഞാനം വളരെ സഹജമാണ്. എന്നാൽ ഭഗവാനാണ് പഠിപ്പിക്കുന്നത് എന്ന് മറന്ന് പോകുന്നു. ടീച്ചറെത്തന്നെ മറന്ന് പോകുന്നു. വിദ്യാർത്ഥികൾ ഒരിക്കലും ടീച്ചറെ മറക്കാറില്ല. ഇടയ്ക്കിടയ്ക്ക് പറയുന്നു ബാബാ ഞങ്ങൾ അങ്ങയെ മറന്ന് പോകുന്നു. ബാബ പറയുന്നു, മായയും ശക്തി കുറഞ്ഞതല്ല. നിങ്ങൾ ദേഹാഭിമാനികളായി മാറുന്നു. വളരെയധികം വികർമ്മം ഉണ്ടാകുന്നു. വികർമ്മം ഉണ്ടാകാത്ത ഒരു ദിവസം പോലും ഇല്ല. ബാബയുടെ ആജ്ഞ തന്നെ മറന്ന് പോകുന്നു ഇതാണ് മുഖ്യമായ വികർമ്മം. ബാബ ആജ്ഞാപിക്കുകയാണ്, മന്മനാ ഭവഃ, സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കൂ. ഈ ആജ്ഞയെ മാനിക്കുന്നില്ല അപ്പോൾ തീർച്ചയായും വികർമ്മം തന്നെയാണ് സംഭവിക്കുന്നത്. വളരെയധികം പാപമുണ്ടാകുന്നു. ബാബയുടെ ആജ്ഞ വളരെ സഹജവുമാണ് വളരെ കടുത്തതുമാണ്. എത്ര തന്നെ പ്രയത്നിച്ചാലും മറന്ന് പോകുന്നു കാരണം പകുതി കല്പത്തിലെ ദേഹാഭിമാനമുണ്ടല്ലോ. 5 മിനിട്ട് പോലും യഥാർത്ഥമായ രീതിയിൽ ഓർമ്മയിലിരിക്കുവാൻ സാധിക്കുന്നില്ല. അഥവാ ദിവസം മുഴുവൻ ഓർമ്മയിലിരിക്കുകയാണെങ്കിൽ കർമ്മാതീത അവസ്ഥയുണ്ടാകും. ഇതിൽ പരിശ്രമമുണ്ട് എന്ന് ബാബ പറഞ്ഞ് തന്നിട്ടുണ്ട്. നിങ്ങൾ ആ ഭൗതീക പഠിപ്പ് നല്ല രീതിയിൽ പഠിക്കുന്നുണ്ട്. ഹിസ്റ്ററിയും ജോഗ്രഫിയും പഠിക്കുവാനുള്ള ശീലമുണ്ട്. പക്ഷേ ഓർമ്മയുടെ യാത്ര ചെയ്യുവാനുള്ള അഭ്യാസമില്ല. സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം -ഇത് പുതിയ കാര്യമാണ്. ബാബയെ നല്ല രീതിയിൽ ഓർമ്മിക്കണം എന്ന് വിവേകം പറയുന്നുണ്ട്. കുറച്ച് സമയം കണ്ടെത്തി ഭോജനം കഴിക്കുന്നുണ്ട്, അതും ബാബയുടെ ഓർമ്മയിൽ കഴിക്കണം. എത്രമാത്രം ഓർമ്മയിലിരിക്കുന്നുവോ അത്രയും പാവനമാകുന്നു. ധാരാളം പൈസയുള്ള കുട്ടികളുണ്ട് അവർക്ക് ജീവിക്കാൻ അതിന്റെ പലിശ കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. അവരും ബാബയെ ഓർമ്മിച്ച് വേണം ഭക്ഷണം കഴിക്കാൻ. എന്നാൽ മായ ഓർമ്മിക്കുവാൻ അനുവദിക്കുന്നില്ല. കല്പത്തിന് മുൻപ് ആര് എത്രമാത്രം പുരുഷാർത്ഥം ചെയ്തിട്ടുണ്ടോ അത്രയും തന്നെ ചെയ്യും. സമയമെടുക്കുന്നു. ആർക്കെങ്കിലും പെട്ടെന്ന് ഓടി വന്ന് എത്തിച്ചേരുവാൻ സാധിക്കില്ല. ഇവിടെ രണ്ട് അച്ഛന്മാരുണ്ട്. പരിധിയില്ലാത്ത അച്ഛന് തന്റെ ശരീരം ഇല്ല. ആ ബാബ ഇദ്ദേഹത്തിൽ പ്രവേശിച്ച് സംസാരിക്കുന്നു. ബാബയുടെ ശ്രീമതമനുസരിച്ച് നടക്കണം. ദേഹ സഹിതം സർവ്വ ധർമ്മവും ഉപേക്ഷിച്ച് സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കൂ എന്ന ശ്രീമതം ബാബ കുട്ടികൾക്ക് നല്കുന്നു. നിങ്ങൾ വന്നപ്പോൾ പവിത്രമായിരുന്നു. 84 ജന്മമെടുത്തെടുത്ത് നിങ്ങളുടെ ആത്മാവ് പതീതമായി. ഇപ്പോൾ പാവനമാകുന്നതിനു വേണ്ടി ശ്രീമതമനുസരിച്ച് നടക്കൂ, അപ്പോൾ നിങ്ങളുടെ പാപം നശിക്കും നിങ്ങളുടെ ആത്മാവ് സ്വർണ്ണമാകും, അവിടെ കാഞ്ചന ശരീരം ലഭിക്കുന്നു ഇത് ബാബ ഉറപ്പ് നല്കുകയാണ്. ഈ കുലത്തിലുള്ളവർ നിങ്ങളുടെ കാര്യങ്ങൾ കേൾക്കുമ്പോൾ ചിന്തിക്കുവാൻ തുടങ്ങും, നിങ്ങൾ പറയുന്ന കാര്യങ്ങൾ ശരിയാണ് എന്ന് പറയും. പാവനമാകണമെങ്കിൽ ആർക്കും ദുഃഖം കൊടുക്കരുത്. മനസ്സാ വാചാ കർമ്മണാ പവിത്രമാകണം. മനസ്സിൽ കൊടുങ്കാറ്റുകൾ വരും. നിങ്ങൾ പരിധിയില്ലാത്ത ചക്രവർത്തീ പദവി നേടുകയല്ലേ, നിങ്ങൾ സത്യം പറഞ്ഞാലും ഇല്ലെങ്കിലും ശരി ബാബ സ്വയം പറയുന്നു – മായയുടെ വളരെയധികം വികല്പങ്ങൾ വരും പക്ഷേ കർമ്മേന്ദ്രിയങ്ങളിലൂടെ യാതൊരു വികർമ്മവും ചെയ്യരുത്. കർമ്മേന്ദ്രിയങ്ങളിലൂടെ യാതൊരു പാപവും ചെയ്യരുത്.

ഈ വ്യത്യാസങ്ങൾ നല്ല രീതിയിൽ എഴുതണം. കൃഷ്ണൻ പൂർണ്ണമായും 84 ജന്മം എടുക്കുന്നു എന്നാൽ

ശിവൻ പുനർജന്മം എടുക്കുന്നില്ല. കൃഷ്ണൻ സർവ്വഗുണ സമ്പന്നനായ ദേവതയാണ്, എന്നാൽ ഇവിടെ നമ്മുടെ അച്ഛനാണ്. പാണ്ഡവരുടെ വലിയ വലിയ ചിത്രങ്ങൾ ഉണ്ടാക്കിയിരിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ട്. അവർ ഇത്രയും വിശാല ബുദ്ധിയുള്ളവരായിരുന്നു എന്നതാണ് അതിന്റെ അർത്ഥം. വളരെ വലിയ ബുദ്ധിയായിരുന്നു, അവർ ശരീരത്തെ വലുതാക്കി കാണിച്ചിരിക്കുന്നു. നിങ്ങളെപ്പോലെ വിശാല ബുദ്ധിയായി മറ്റാരും ഉണ്ടായിരിക്കില്ല. നിങ്ങളുടേത് ഈശ്വരീയ ബുദ്ധിയാണ്. ഭക്തിയിൽ വളരെ വലിയ വലിയ ചിത്രങ്ങൾ ഉണ്ടാക്കി എത്രമാത്രം പൈസ നഷ്ടപ്പെടുത്തുന്നു. എത്രമാത്രം വേദങ്ങളും ഉപനിഷത്തുകളും ഉണ്ടാക്കി കുറെ ചിലവാക്കി. ബാബ പറയുന്നു നിങ്ങൾ എത്ര ധനമാണ് നഷ്ടപ്പെടുത്തിയത്. പരിധിയില്ലാത്ത ബാബ പരാതിപ്പെടുകയാണ്. ബാബ വളരെയധികം ധനം നല്കിയിരുന്നു അത് നിങ്ങൾക്ക് അനുഭവമുണ്ട്. രാജയോഗം പഠിപ്പിച്ച് രാജാക്കന്മാരുടേയും രാജാവാക്കി. ഭൗതീകമായ പഠിത്തം പഠിച്ച് വക്കീലും മറ്റും ആകുന്നു, പിന്നെ അതിലൂടെ സമ്പാദിക്കുന്നു അതുകൊണ്ടാണ് ജ്ഞാനം വരുമാന മാർഗ്ഗമാണ് എന്ന് പറയുന്നത്. ഈ ഈശ്വരീയ പഠിപ്പും വരുമാന മാർഗ്ഗമാണ്, ഇതിലൂടെ പരിധിയില്ലാത്ത ചക്രവർത്തീ പദവി ലഭിക്കുന്നു. ഭാഗവതത്തിലും രാമായണത്തിലുമൊന്നും യാതൊരു ജ്ഞാനവും ഇല്ല. ലക്ഷ്യവും ഇല്ല. ജ്ഞാനസാഗരനായ ബാബയിരുന്ന് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു. ഇത് പുതിയ പഠിത്തമാണ്. അതും ആരാണ് പഠിപ്പിക്കുന്നത്? ഭഗവാൻ. പുതിയ ലോകത്തിന്റെ അധികാരിയാക്കുന്നതിനു വേണ്ടി പഠിപ്പിക്കുന്നു. ഈ ലക്ഷ്മീ നാരായണനും ഈ പഠിത്തത്തിലൂടെയാണ് ഉയർന്ന പദവി നേടിയത്. രാജാവും പ്രജയും തമ്മിൽ എത്ര വ്യത്യാസമാണുള്ളത്. ആരുടെയെങ്കിലും ഭാഗ്യം തുറന്നാൽ തന്നെ തോണി മറുകരയെത്തും. വിദ്യാർത്ഥിയ്ക്ക് അറിയാം നമ്മൾ പഠിക്കുന്നുണ്ടോ പിന്നെ പഠിപ്പിക്കുവാൻ സാധിക്കുമോ ഇല്ലയോ എന്നും അറിയാൻ കഴിയും. പഠിത്തത്തിൽ പൂർണ്ണമായും ശ്രദ്ധിക്കണം. കല്ല് ബുദ്ധിയായത് കാരണം ഒന്നും മനസ്സിലാക്കുന്നില്ല. നിങ്ങൾക്ക് സ്വർണ്ണ ബുദ്ധിയുള്ളവരായി മാറണം. സേവനം ചെയ്യുന്നവരുടെ ബുദ്ധിയാണ് സ്വർണ്ണമാകുന്നത്. ബാഡ്ജിലൂടെയും ആർക്ക് വേണമെങ്കിലും മനസ്സിലാക്കിക്കൊടുക്കുവാൻ സാധിക്കും. പരിധിയില്ലാത്ത അച്ഛനിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് എടുക്കൂ. ഭാരതം സ്വർഗ്ഗമായിരുന്നില്ലേ. ഇന്നലത്തെ കാര്യമാണ്. 5000 വർഷത്തിന്റെ കാര്യവും ലക്ഷക്കണക്കിന് വർഷത്തിന്റെ കാര്യവും തമ്മിൽ എത്ര വ്യത്യാസമാണ്. നിങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നുണ്ട് എന്നിട്ടും മനസ്സിലാക്കുന്നില്ല, കല്ല് ബുദ്ധികളെപ്പോലെയിരിക്കുന്നു. ഈ ബാഡ്ജ് തന്നെ നിങ്ങൾക്ക് ഒരു ഗീത പോലെയാണ്, ഇതിൽ മുഴുവൻ പഠിത്തവുമുണ്ട്. മനുഷ്യർക്ക് ഭക്തീമാർഗ്ഗത്തിന്റെ ഗീതയാണ് ഓർമ്മ വരുന്നത്. നിങ്ങൾ ബാബയിൽ നിന്നും കേൾക്കുന്ന ഗീതയിലൂടെ 21 ജന്മത്തേയ്ക്ക് സദ്ഗതി നേടുന്നു. ആരംഭത്തിൽ നിങ്ങൾ തന്നെയാണ് ഗീത പഠിച്ചത്. നിങ്ങൾ തന്നെയാണ് പൂജയും ചെയ്ത് തുടങ്ങിയത്. ഇപ്പോൾ പുരുഷാർത്ഥം ചെയ്ത് പാവങ്ങളെ ഭക്തീ മാർഗ്ഗത്തിന്റെ ചങ്ങലകളിൽ നിന്നും മോചിപ്പിക്കണം. ആർക്കെങ്കിലുമൊക്കെ മനസ്സിലാക്കിക്കൊടുക്കൂ. അതിൽ നിന്നും ഒന്ന് രണ്ട് പേർ വരും അഥവാ 5-6 പേർ ഒരുമിച്ച് വരികയാണെങ്കിൽ വേറെ വേറെ ഫോറം പൂരിപ്പിച്ച് പരിശ്രമിച്ച് വേറെ വേറെ മനസ്സിലാക്കിക്കൊടുക്കണം. ഇല്ലെങ്കിൽ അതിൽ മോശമായ ആരെങ്കിലും ഉണ്ടെങ്കിൽ അവർ മറ്റുള്ളവരേയും മോശമാക്കിക്കളയും. ഫോറം വേറെ വേറെ പൂരിപ്പിക്കണം. പരസ്പരം മറ്റുള്ളവരുടേത് കാണുവാനും പാടില്ല, അപ്പോൾ അവർക്ക് മനസ്സിലാക്കുവാൻ സാധിക്കും. ഈ യുക്തികൾ എല്ലാം വേണം എന്നാലേ നിങ്ങൾ വിജയികളാകൂ.

ബാബയും വ്യാപാരിയാണ്, സമർത്ഥരായിട്ടുള്ളവർ നല്ല വ്യാപാരം നടത്തും. ബാബ എത്ര പ്രയോജനമാണ് നൽകുന്നത്. ഒരുമിച്ച് ഒരു ഗ്രൂപ്പ് വരികയാണെങ്കിൽ വേറെ വേറെ ഫോം പൂരിപ്പിച്ച് വാങ്ങിക്കണം. ധാർമ്മിക ബോധമുള്ളവരാണെങ്കിൽ ഒരുമിച്ചിരുത്തി ചോദിക്കണം, ഗീത പഠിച്ചിട്ടുണ്ടോ? ദേവതകളെ അംഗീകരിക്കുന്നുണ്ടോ? ഭക്തർക്കാണ് കേൾപ്പിക്കേണ്ടത് എന്ന് ബാബ പറഞ്ഞിട്ടുണ്ട്. എന്റെ ഭക്തരും ദേവതകളുടെ ഭക്തരും പെട്ടെന്ന് മനസ്സിലാക്കും. കല്ലിനെ പവിഴമാക്കുക എന്നത് ചിറ്റമ്മയുടെ വീട് പോലെയല്ല. ദേഹാഭിമാനം വളരെ കടുത്ത മോശമായ രോഗമാണ്. ദേഹാഭിമാനം വിട്ട് പോകുന്നതുവരെ വരെ പരിവർത്തനപ്പെടുക പ്രയാസമാണ്. ഇവിടെ പൂർണ്ണമായും നാരായണീ ലഹരി വേണം. നമ്മൾ അശരീരിയായി വന്നു, അശരീരിയായി പോകണം. ഈ ലോകത്തിൽ ഒന്നുമില്ല. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. ഇതിൽ തന്നെയാണ് പരിശ്രമമുള്ളത്, ഉയർന്ന ലക്ഷ്യമാണ്. കല്പത്തിന് മുൻപെന്ന പോലെ ഇവർ നല്ല സഹായികളാകും എന്നത് പെരുമാററത്തിലൂടെ മനസ്സിലാക്കുവാൻ സാധിക്കും

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം

1. മനസ്സാ വാചാ കർമ്മണാ പവിത്രമായിരിക്കണം. കർമ്മേന്ദ്രിയങ്ങളിലൂടെ യാതൊരു വികർമ്മവും ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കണം. ആത്മാവിനെ ശുദ്ധമാക്കുന്നതിനു വേണ്ടി തീർച്ചയായും ഓർമ്മയിലിരിക്കണം.

2. ദേഹാഭിമാനത്തിന്റെ കടുത്ത അസുഖത്തിൽ നിന്നും രക്ഷപ്പെടുന്നതിനു വേണ്ടി നാരായണീ ലഹരിയിലിരിക്കണം. നമ്മൾ അശരീരിയായിട്ടാണ് വന്നത്, ഇപ്പോൾ അശരീരിയായി തിരികെ പോകണം ഈ അഭ്യാസം ചെയ്യൂ.

## വരദാനം:- യോഗം ചെയ്യാനും ചെയ്യിപ്പിക്കാനുമുള്ള യോഗ്യതയോടൊപ്പം പ്രയോഗി ആത്മാവുകൂടിയായി ഭവിക്കട്ടെ.

ബാപ്ദാദ കണ്ടു, കുട്ടികൾ യോഗം ചെയ്യുന്നതിലും ചെയ്യിക്കുന്നതിലും സമർത്ഥരാണ്. എങ്ങിനെ യോഗം ചെയ്യുന്നതിലും ചെയ്യിക്കുന്നതിലും സമർത്ഥരാണോ അതേപോലെ പ്രയോഗം ചെയ്യുന്നതിലും യോഗ്യരാകൂ, യോഗ്യരാക്കി മാറ്റൂ. ഇപ്പോൾ പ്രയോഗീ ജീവിതത്തിന്റെ ആവശ്യകതയുണ്ട്. ഏറ്റവുമാദ്യം പരിശോധിക്കൂ, തന്റെ സംസ്കാര പരിവർത്തനത്തിൽ എത്രത്തോളം പ്രയോഗിയായിട്ടുണ്ട്? എന്തുകൊണ്ടെന്നാൽ ശ്രേഷ്ഠ സംസ്കാരം തന്നെയാണ് ശ്രേഷ്ഠ ലോകത്തിന്റെ നിർമ്മാണത്തിന്റെ അടിത്തറ. അടിത്തറ ശക്തിശാലിയാണെങ്കിൽ മറ്റെല്ലാ കാര്യങ്ങളും സ്വതവേ ശക്തിശാലിയായത് തന്നെയാണ്.

## സ്ലോഗൻ:- അനുഭവീ ആത്മാക്കൾ ഒരിക്കലും വായുമണ്ഡലത്തിലോ കൂട്ടുകെട്ടിന്റെ നിറത്തിലോ വരികയില്ല.

**അവ്യക്തീ സൈലൻസിലൂടെ ഡബിൾ ലൈറ്റ് ഫരിസ്താ സ്ഥിതിയുടെ അനുഭവം ചെയ്യൂ.**
സദാ സന്തോഷത്തിൽ ഊഞ്ഞാലാടുകയും സർവ്വരുടെയും വിഘ്ന ഹർത്താവും സർവ്വരുടെയും ബുദ്ധിമുട്ടുകളെ സഹജമാക്കുകയും ചെയ്യാൻ കഴിയുന്നത് സങ്കല്പങ്ങളിൽ ദൃഢതയും സ്ഥിതിയിൽ ഡബിൾ ലൈറ്റും ഉണ്ടാകുമ്പോഴാണ്. എന്റേത് ഒന്നുമില്ല, എല്ലാം ബാബയുടേതാണ്. എപ്പോൾ ഭാരം തന്നിൽ വെക്കുന്നുവോ അപ്പോൾ എല്ലാ വിധത്തിലുമുള്ള വിഘ്നങ്ങളും വരുന്നു. എന്റേതല്ല എങ്കിൽ നിർവ്വിഘ്നം.